


DISCOVER
ITS BEAUTY
ഭാഗം-7

# അന്ത്യ ദൂതൻ

ഡോ. നാജി ഇബ്രാഹീം



അബ്ദുല്ലയുടെ മകൻ മുഹമ്മദ് (ദിവ്യ ശാന്തി അവരിൽ സദാ വർഷിക്കട്ടെ) CE 570–ൽ മക്കയിൽ ജനിച്ചു. സമൂഹത്തിൽ അദ്ദേഹം അൽ–അമീൻ (വിശ്വസ്തൻ) എന്നറിയപ്പെട്ടു.

നാൽപത് വയസ്സ് തികഞ്ഞപ്പോൾ മുഹമ്മദ് നബിയുടെ അടുക്കൽ ജിബ്രീൽ മാലാഖ വെളിപാടുമായി വന്നു. ആദ്യപടിയെന്ന നിലക്ക് ഭാര്യ ഖദീജ ഉൾപ്പെടെയുള്ള അടുത്ത കുടുംബത്തെ മാത്രം ഇസ്‌ലാമിലേക്ക് ക്ഷണിക്കാനും പിന്നീട് അല്ലാഹുവിന്റെ സന്ദേശം മുഴുവൻ മനുഷ്യരിലേക്കും എത്തിക്കാനുമായിരുന്നു വെളിപാട് ലഭിച്ചത്. ജീവിതകാലം മുഴുവൻ, ഈ സന്ദേശം മറ്റുള്ളവരുമായി ആശയവിനിമയം നടത്തിയ പ്രവാചകൻ, ഉൽകൃഷ്ട ജീവിതത്തിലൂടെ മനുഷ്യകുലത്തിന്റെ മാതൃകാപുരുഷനായിത്തീർന്നു. ക്രിസ്തു വർഷം 632–ൽ അറുപത്തിമൂന്നാം വയസ്സിൽ പ്രവാചകൻ ഇഹലോകവാസം വെടിഞ്ഞു.

മുഹമ്മദ് നബി (ദിവ്യ ശാന്തി അവരിൽ സദാ വർഷിക്കട്ടെ) “ദൂതന്മാരുടെ മുദ്ര” എന്ന് വിളിക്കപ്പെടുന്നു. അന്ത്യദൂതർ എന്ന നിലയിൽ, യേശുവിന്റെ യഥാർത്ഥ സുവിശേഷം ഉൾപ്പെടെ മുൻകാലങ്ങളിൽ അവതരിച്ച എല്ലാ സത്യങ്ങളും ആവർത്തിച്ചുറപ്പിക്കലായിരുന്നു നബിയുടെ നിയോഗ ദൗത്യം. വിശുദ്ധ ഖുർആനും ഈ കാര്യം സാക്ഷ്യപ്പെടുത്തുന്നു: “**(അദ്ദേഹം) അല്ലാഹുവിന്റെ റസൂലും, നബിമാരിൽ അവസാനത്തവനുമാകുന്നു**”. (33:40)

യേശുവുമായുള്ള ബന്ധം സ്ഥിരീകരിച്ചുകൊണ്ട് പ്രവാചകൻ മുഹമ്മദ് വാഗ്ദാനം ചെയ്തു, “ഒരു മനുഷ്യൻ യേശുവിലും പിന്നീട് എന്നിലും വിശ്വസിച്ചാൽ അവന് ഇരട്ട പ്രതിഫലം ലഭിക്കും”. “മർയമിന്റെ പുത്രനായ യേശുവിനും എനിക്കുമിടയിൽ ഒരു ദൂതനും ഇല്ല എന്നതിനാൽ യേശുവിനോട് ഏറ്റവുമടുത്ത ആളാണ് ഞാനെന്നും” പ്രവാചകൻ പറഞ്ഞിട്ടുണ്ട്.

തീർച്ചയായും, മുഹമ്മദ് യേശുവിനെ ആദരിക്കുകയും മഹത്വവൽക്കരിക്കുകയും ചെയ്തു. ഈ ബുക്ക്‌ലറ്റിൽ, മുഹമ്മദിന്റെ ആഗമനത്തെ സംബന്ധിച്ച് യേശു പ്രവചിച്ചുവെന്നും പ്രവാചകൻ (മുഹമ്മദ്) യേശുവിനെ മഹത്വവൽക്കരിക്കുമെന്നും പ്രതിപാദിക്കുന്ന ഒരു ബൈബിൾ പ്രവചനത്തെക്കുറിച്ച് ഞാൻ പിന്നീട് ചർച്ച ചെയ്യും. അത് മാത്രമല്ല, അദ്ദേഹത്തോടുള്ള ബഹുമാനാർത്ഥം, മുസ്‌ലിംകൾ തങ്ങളുടെ മക്കൾക്ക് ഈസ (യേശുവിന്റെ അറബിയിലുള്ള നാമം) എന്ന പേരിടാൻ ഇഷ്ടപ്പെടുന്നു.



# പ്രവാചകൻ മുഹമ്മദെന്ന വിശിഷ്ട വ്യക്തിത്വം

ബാല്യവും യൗവനവും തൊട്ട് പ്രവാചകത്വ കാലത്തുടനീളവും, മരണം വരെയും, അതുല്യസ്വഭാവവും ധാർമികതയുമുള്ള, സവിശേഷവും ശ്രേഷ്ഠവുമായ വ്യക്തിത്വമായി പ്രവാചകൻ മുഹമ്മദിനെ നീതിബോധമുള്ള ആളുകൾ ചരിത്രത്തിലുടനീളം അംഗീകരിച്ചിട്ടുണ്ട്. കരുണ, സത്യസന്ധത, ആത്മാർത്ഥത, ദയ, വിനയം എന്നീ ഗുണങ്ങളാൽ അനുഗ്രഹിക്കപ്പെട്ടവരായിരുന്നു പ്രവാചകൻ. പ്രവാചകന്റെ പരസ്യമായ വചനങ്ങൾ മാത്രമല്ല, സ്വകാര്യ ജീവിതത്തിലെ മുഴുവൻ വിശദാംശങ്ങളും ആധികാരികമായി രേഖപ്പെടുത്തപ്പെടുകയും സത്യസന്ധമായി ഇന്നുവരെ സംരക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

പ്രവാചകൻ, ദൂതൻ, മതാധ്യാപകൻ, സാമൂഹിക പരിഷ്കർത്താവ്, ധാർമിക മാർഗ്ഗദർശി, നേതാവ്, രാഷ്ട്രതന്ത്രജ്ഞൻ, വിശ്വസ്ത സുഹൃത്ത്, വിസ്മയിപ്പിക്കുന്ന സഹചാരി, അർപ്പണബോധമുള്ള ഭർത്താവ്, സ്നേഹനിധിയായ പിതാവ് എന്നിവയെല്ലാമായിരുന്നു അദ്ദേഹം.

"മുഹമ്മദ്: ഇസ്‌ലാമിന്റെ പ്രവാചകൻ" എന്ന ബുക്ക്‌ലറ്റിൽ പ്രൊഫസർ രാമകൃഷ്ണ റാവു നബിയെ "മനുഷ്യ ജീവിതത്തിന്റെ ഉത്തമ മാതൃക" എന്ന് വിളിക്കുന്നു. അദ്ദേഹം പറയുന്നു: മുഹമ്മദെന്ന വ്യക്തിത്വത്തിന്റെ പരമാർത്ഥത്തിലേക്ക് കടക്കുക ഏറ്റവും ബുദ്ധിമുട്ടേറിയ കാര്യമാണ്. അതിന്റെ ഒരു ക്ഷണികദർശനം മാത്രമേ എനിക്ക് നൽകാനാവൂ. മനോഹരമായ രംഗങ്ങളുടെ നാടകീയമായ തുടർച്ച തന്നെ ആ ജീവിതത്തിലുണ്ട്! അവിടെ നമുക്ക് ദൂതനായ മുഹമ്മദിനെയും യോദ്ധാവായ മുഹമ്മദിനെയും വ്യവസായിയായ മുഹമ്മദിനെയും രാഷ്ട്രതന്ത്രജ്ഞനായ മുഹമ്മദിനെയും വാഗ്മിയായ മുഹമ്മദിനെയും പരിഷ്കർത്താവായ മുഹമ്മദിനെയും അനാഥരുടെ അഭയകേന്ദ്രമായ മുഹമ്മദിനെയും അടിമകളുടെ സംരക്ഷകനായ മുഹമ്മദിനെയും സ്ത്രീകളുടെ വിമോചകനായ മുഹമ്മദിനെയും ന്യായാധിപനായ മുഹമ്മദിനെയും എല്ലാം കാണാനാകും. ഉജ്ജ്വലമായ ഈ വേഷങ്ങളിലും മനുഷ്യ കർമങ്ങളുടെ സകല മേഖലകളിലും പ്രവാചകൻ നായകൻ തന്നെയാണ്. (പേജ് 20).



# പ്രവാചകൻ മുഹമ്മദെന്ന വിശിഷ്ട വ്യക്തിത്വം (തുടരുന്നു)

ചരിത്രപരമായി നോക്കുമ്പോൾ ഇരുപത്തിമൂന്ന് വർഷമെന്ന വളരെ ഹ്രസ്വമായ പ്രവാചകത്വ കാലയളവിനുള്ളിൽ നബി അറേബ്യൻ ഉപദ്വീപിനെയാകെ മാറ്റത്തിലേക്ക് വഴി നടത്തി.

- **വിഗ്രഹാരാധനയിൽ നിന്നും അവിശ്വാസത്തിൽ നിന്നും ഏക ദൈവത്തിനുള്ള സമർപ്പണത്തിലേക്ക്...**

- **ഗോത്രകലഹങ്ങളിൽ നിന്നും യുദ്ധങ്ങളിൽ നിന്നും ഐക്യമനോഭാവത്തിലേക്കും ഒത്തൊരുമയിലേക്കും...**


- **മദ്യപാനത്തിൽ നിന്നും വ്യഭിചാരത്തിൽ നിന്നും നിർമലതയിലേക്കും ഭക്തിയിലേക്കും...**

- **നിയമരാഹിത്യത്തിൽ നിന്നും അരാജകത്വത്തിൽ നിന്നും അച്ചടക്കത്തോടെയുള്ള ജീവിതത്തിലേക്ക്...**

- **ധാർമിക പാപ്പരത്തത്തിൽ നിന്നും ധാർമിക മികവിന്റെ ഏറ്റവും ഉയർന്ന തലങ്ങളിലേക്ക്...**

വെറും രണ്ട് ദശാബ്ദങ്ങൾക്കുള്ളിൽ ഉണ്ടായ ഇത്രയും സമ്പൂർണമായ ഒരു സാമൂഹികപരിവർത്തനത്തിന് മനുഷ്യചരിത്രം –പ്രവാചകന് മുമ്പോ ശേഷമോ–സാക്ഷ്യം വഹിച്ചിട്ടില്ല.






പ്രവാചകൻ മുഹമ്മദിന്റെ ആഗമനം പ്രവചിക്കുന്ന മറ്റ് മതഗ്രന്ഥങ്ങളിലെ എല്ലാ പ്രവചനങ്ങളുടെയും വിവരണം ഈ പുസ്തകത്തിന്റെ വിഷയമല്ലെങ്കിലും, നിരവധി മുസ്‌ലിം പണ്ഡിതന്മാർ ക്രിസ്ത്യൻ, ജൂത, ഹിന്ദു, ബുദ്ധ മതഗ്രന്ഥങ്ങളിൽ ഈ പ്രവചനങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്ന വസ്തുത പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

തീർച്ചയായും, മുഹമ്മദിനെക്കുറിച്ചുള്ള മറ്റ് ഗ്രന്ഥങ്ങളിലെ പരാമർശങ്ങൾ നിരവധി പുസ്തകങ്ങളിലും ലേഖനങ്ങളിലും വെബ്സൈറ്റുകളിലും വിശദമായി ചർച്ച ചെയ്ത വളരെ കൗതുകകരമായ ഒരു വിഷയമാണ്. എന്നിരുന്നാലും, പ്രവാചകൻ മുഹമ്മദിന്റെ ആഗമനം പ്രവചിച്ച ബൈബിൾ പ്രവചനങ്ങളെ സംബന്ധിച്ച ചില പുസ്തകങ്ങളും ഗ്രന്ഥങ്ങളും ഈ ഭാഗത്ത് ഞാൻ പരാമർശിക്കാം.

പ്രൊഫസർ അബ്ദുൾ അഹദ് ദാവൂദ് (മുമ്പ് റവറണ്ട് ഡേവിഡ് ബെഞ്ചമിൻ) **"ബൈബിളിലെ മുഹമ്മദ്"** എന്ന തന്റെ പുസ്തകത്തിൽ മൂസയെ പോലെയുള്ള ഒരു പ്രവാചകന്റെ ആഗമനത്തെക്കുറിച്ച് ബൈബിൾ പ്രവചിക്കുന്നതായി പറയുന്നു.

ആവർത്തനപുസ്തകം, അദ്ധ്യായം 18, വാക്യം 18–ൽ താഴെപ്പറയുന്ന വചനം വായിക്കാം: **"നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്കു അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്നു എഴുന്നേല്പിച്ചു എന്റെ വചനങ്ങളെ അവന്റെ നാവിന്മേൽ ആക്കും"**. ഈ വാക്കുകൾ മുഹമ്മദിനെ സംബന്ധിച്ചല്ലെങ്കിൽ അവ ഇപ്പോഴും പൂർത്തീകരിക്കപ്പെടാതെ തുടരുന്നു. വാഗ്ദത്ത പ്രവാചകൻ എന്ന് യേശു ഒരിക്കലും അവകാശപ്പെട്ടിട്ടില്ല. സഭ വിശ്വസിക്കുന്നതനുസരിച്ച്, യേശു ന്യായാധിപനായാണ് പ്രത്യക്ഷപ്പെടുക, നിയമദാതാവായിട്ടല്ല. എന്നാൽ വാഗ്ദത്ത പ്രവാചകൻ **"അഗ്നിമയമായൊരു പ്രമാണം വലങ്കയ്യിൽ"** വെച്ചാണ് വരുന്നത്. (ആവർത്തനം. 33:2).



ഈ പ്രവചനം മുഹമ്മദിനല്ലാതെ മറ്റാർക്കും ബാധകമാകില്ലെന്ന് മുസ്ലിം പണ്ഡിതന്മാർ ഉറപ്പിച്ച് പറയുന്നു. കാരണം, മൂസയും മുഹമ്മദും പല കാര്യങ്ങളിലും ഒരുപോലെയാണ്. അവരുടെ പേരുകൾ ഒരേ അക്ഷരത്തിലാണ് തുടങ്ങുന്നത്, ഇരുവരും സാധാരണ ജനനം, വിവാഹം, ദൗത്യം, സാധാരണ മരണം എന്നിവയിലെല്ലാം ഒരുപോലെയാണ്. ഇരുവരും പ്രവാചകന്മാരും ഭരണാധികാരികളും നേതാക്കളും രാജ്യതന്ത്രജ്ഞരുമായിരുന്നു. മാത്രവുമല്ല, രണ്ട് പേരും ഒരു "അഗ്നിനിയമ"വുമായിട്ടാണ് കടന്നുവന്നത്. മറുവശത്ത്, യേശു ജനനത്തിലും ദൗത്യത്തിലും അന്ത്യത്തിലുമൊന്നും മൂസയെപ്പോലെയല്ല, യേശു വിവാഹം കഴിച്ചിട്ടില്ല, മൂസയെപ്പോലെ ഭരണ നിർവഹണത്തിലോ യുദ്ധങ്ങളിലോ ഏർപ്പെട്ടിട്ടുമില്ല.

**എടുത്തുപറയേണ്ട കാര്യം** "അവരുടെ സഹോദരന്മാരിൽ നിന്നുള്ള ഒരു പ്രവാചകൻ" **എന്ന പരാമർശമാണ്. ഇസ്രായേൽ ജനങ്ങളിൽ നിന്നുള്ള പ്രവാചകനല്ല, മറിച്ച് ഇസ്രായേലികളുടെ സഹോദരന്മാരിൽ നിന്നുള്ള പ്രവാചകൻ (അതായത് ഇസ്മാഈല്യർ ആയിരുന്ന അറബികൾ). കൂടാതെ, ബൈബിൾ പുതിയ നിയമത്തിൽ, യേശു മറ്റൊരു ആശ്വാസകന്റെ ആഗമനത്തെ കുറിച്ച് പ്രവചിച്ചിട്ടുമുണ്ട്:** "അവൻ നിങ്ങൾക്ക് മറ്റൊരു ആശ്വാസകനെ തരും" (യോഹന്നാൻ 14:16).

**യേശു ഇത് കൂടി പറഞ്ഞു:**

എങ്കിലും ഞാൻ നിങ്ങളോടു സത്യം പറയുന്നു, ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനകരമാണ്. ഞാൻ പോകുന്നില്ലെങ്കിൽ ആശ്വാസകൻ നിങ്ങളുടെ അടുക്കൽ വരികയില്ല, ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന്നു ബോധ്യം വരുത്തും...... എനിക്ക് നിങ്ങളോട് ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. എന്നാൽ നിങ്ങൾക്കത് വഹിക്കാൻ സാധ്യമല്ല, സത്യത്തിന്റെ ആത്മാവു വരുമ്പോൾ അവൻ നിങ്ങളെ സകല സത്യത്തിലേക്കും വഴി നടത്തും. അവൻ സ്വയമായി സംസാരിക്കയില്ല, അവൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് കാണിച്ചുതരികയും ചെയ്യും. അവൻ എന്നെ മഹത്വപ്പെടുത്തും... (യോഹന്നാൻ 16:7–14).



യേശുവിന്റെ പ്രവചനം മുഹമ്മദ് മാത്രമാണ് പൂർണമായി നിറവേറ്റിയതെന്ന് മുസ്‌ലിം പണ്ഡിതന്മാർ പറയുന്നത് പല കാരണങ്ങളാലാണ്. ചിലത് ഇവിടെ സൂചിപ്പിക്കാം:

- **"മറ്റൊരു ആശ്വാസകൻ"** എന്ന യേശുവിന്റെ പരാമർശം പരിശുദ്ധാത്മാവിനെ ഉദ്ദേശിച്ചല്ല. (പൊതുവേ, ക്രിസ്ത്യാനികൾ പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവായ ദൈവം എന്നിവരുടെ ത്രിയേകത്വത്തിൽ വിശ്വസിക്കുന്നു). കാരണം, ബൈബിൾ പറയുന്നതനുസരിച്ച്, യേശുവിന്റെ ദൗത്യ സമയത്തും അതിനുമുമ്പും പരിശുദ്ധാത്മാവ് ഉണ്ടായിരുന്നു, എന്നാൽ ആശ്വാസകൻ ശേഷം വരാനുള്ളതാണ്.

- ജനങ്ങൾക്ക് ധർമബോധം പകർന്ന് നൽകാനും അധാർമികതക്കെതിരെ താക്കീത് നൽകാനുമാണ് മുഹമ്മദ് വന്നത്. പ്രവാചകൻ ഭരണാധികാരിയും **"വലതു കൈയിൽ നിയമം"** ഉള്ള ന്യായാധിപനുമായിരുന്നു.

- ഏകസത്യദൈവം, ഈ ജീവിതത്തിന്റെ ലക്ഷ്യം, ശാശ്വതമായ പരലോക ജീവിതം എന്നിങ്ങനെ നിരവധി സത്യങ്ങൾ സംബന്ധിച്ച ആത്യന്തിക സത്യത്തിലേക്ക് മുഹമ്മദ് ജനങ്ങളെ വഴി നടത്തി.


- തന്നെ നിയോഗിച്ച അല്ലാഹു സമ്മാനിച്ച നിരവധി പ്രവചനങ്ങളിലൂടെയും അത്ഭുതങ്ങളിലൂടെയും ഭാവി കാര്യങ്ങൾ മുഹമ്മദ് നമ്മെ അറിയിച്ചു. പ്രവാചകനായ മുഹമ്മദ് **"സ്വയമായി സംസാരിക്കയില്ല, എന്നാൽ കേൾക്കുന്നത് സംസാരിക്കും.."** (യോഹന്നാൻ 16:13). ദൈവവചനമായ വിശുദ്ധ ഖുർആൻ പ്രവാചകനിലൂടെയാണ് അല്ലാഹു അവതരിപ്പിച്ചത്. അദ്ദേഹം അത് അല്ലാഹുവിന്റെ നാമത്തിൽ പാരായണം ചെയ്തു. **"അദ്ദേഹം എന്റെ നാമത്തിൽ സംസാരിക്കും..."** (ആവർത്തനം. 18:19) എന്ന് ബൈബിൾ പ്രവചിച്ചിട്ടുണ്ട്. വാസ്തവത്തിൽ, വിശുദ്ധ ഖുർആനിലെ അധ്യായങ്ങൾക്ക് മുമ്പ് **{അല്ലാഹുവിന്റെ നാമത്തിൽ}** എന്ന വാചകമുണ്ട്.


رسول الله

വിശുദ്ധ ഖുർആൻ പറയുന്നു:

**പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.**

**നക്ഷത്രം തന്നെയാണ് സത്യം, അതു താണു വരുമ്പോൾ! നിങ്ങളുടെ ആൾ [നബി] വഴിപിഴച്ചിട്ടില്ല; അദ്ദേഹത്തിനു അബദ്ധം പിണഞ്ഞിട്ടുമില്ല. അദ്ദേഹം (സ്വന്തം) ഇച്ഛപ്രകാരം സംസാരിക്കുകയുമില്ല. അതു, അദ്ദേഹത്തിനു നൽകപ്പെടുന്ന 'വഹ്‌യ്' [ദൈവികബോധനം] അല്ലാതെ (മറ്റൊന്നും) അല്ല.** (53: 1–4)




അതേ സമയം, സ്നാപക യോഹന്നാൻ ആരാണെന്ന് ജൂതന്മാർ ചോദിച്ചപ്പോൾ, **"ആ പ്രവാചകൻ"** ഞാനല്ല എന്നാണ് അദ്ദേഹം പ്രതികരിച്ചത്. **നിങ്ങളാണോ ആ പ്രവാചകൻ? അദ്ദേഹം മറുപടി പറഞ്ഞു: അല്ല.** (യോഹന്നാൻ 1:19–21)



# അങ്ങനെയെങ്കിൽ ആരാണ് "ആ പ്രവാചകൻ"?

**"ആ പ്രവാചകൻ"** യോഹന്നാൻ തന്നെ സാക്ഷ്യപ്പെടുത്തിയതുപോലെ, സ്നാപക യോഹന്നാനോ യേശുക്രിസ്തുവോ അല്ലെന്ന് വ്യക്തമാണ്. അങ്ങനെ വരുമ്പോൾ, ജ്ഞാനവും സത്യസന്ധതയും ആത്മാർത്ഥതയുമുള്ള സത്യാന്വേഷകൻ വസ്തുനിഷ്ഠമായി ചോദിക്കേണ്ടതുണ്ട്:

യോഹന്നാനും യേശുവിനും ശേഷം, ഏക സത്യദൈവമായ അല്ലാഹുവിനെക്കുറിച്ചുള്ള അവരുടെ മൗലികമായ സന്ദേശം എത്തിച്ച്, അല്ലാഹുവിനെ മാത്രം ആരാധിക്കാൻ ജനങ്ങളോട് കൽപ്പിച്ച

## 'ആ പ്രവാചകൻ' ആരാണ്?

## അത് മുഹമ്മദാണ്!



GALILEO · EINSTEIN · MUHAMMAD · JESUS

PASTEUR · NEWTON · EDISON · LAVOISIER

FARADAY · BECQUEREL

PIZARRO · CONFUCIUS

# THE 100

## A RANKING OF THE MOST INFLUENTIAL PERSONS IN HISTORY

**Michael H. Hart**

MAO TSE TUNG · MARX · MARCONI · FREUD

BOLIVAR · MICHELANGELO · POPE URBAN

ARISTOTLE · PETER THE GREAT · NAPOLEON

LENIN · PICASSO · MALTHUS · JEFFERSON


CYRUS · GENGHIS KHAN · MOSES

# പ്രവാചകൻ മുഹമ്മദിനെക്കുറിച്ചുള്ള പ്രശസ്തരുടെ ഉദ്ധരണികൾ

പ്രവാചകൻ മുഹമ്മദിനെ (ദിവ്യ ശാന്തി അവരിൽ സദാ വർഷിക്കട്ടെ) കുറിച്ച് നിരവധി രചനകൾ നടന്നിട്ടുണ്ട്. പ്രശസ്തരായ വ്യക്തികളിൽ നിന്നുള്ള ഏതാനും പ്രസ്താവനകൾ മാത്രമാണ് താഴെക്കൊടുത്തിരിക്കുന്നത്.

മഹത്തായ ലക്ഷ്യം, പരിമിത വിഭവങ്ങൾ, മികച്ച ഫലങ്ങൾ എന്നിവയാണ് മനുഷ്യപ്രതിഭയുടെ മൂന്ന് മാനദണ്ഡങ്ങളെങ്കിൽ, ആധുനിക ചരിത്രത്തിലെ ഏതെങ്കിലും മഹാനെ മുഹമ്മദുമായി താരതമ്യം ചെയ്യാൻ ആരാണ് ധൈര്യപ്പെടുക എന്ന് പ്രശസ്ത ചരിത്രകാരനായ ലാമാർട്ടിൻ ചോദിക്കുന്നു. അദ്ദേഹം ഉപസംഹരിക്കുന്നതിങ്ങനെയാണ്: "മനുഷ്യന്റെ മഹത്വം അളക്കാൻ കഴിയുന്ന ഏത് മാനദണ്ഡങ്ങളെടുത്താലും, അദ്ദേഹത്തേക്കാൾ മഹാനായ മനുഷ്യനില്ല എന്ന് നമുക്ക് ബോധ്യപ്പെടും." (Histoire de la Turquie, Paris 1854, Vol. II, pp. 276-277)

"ചരിത്രത്തിലെ ഏറ്റവും സ്വാധീനമുള്ള 100 വ്യക്തികളുടെ റാങ്കിംഗ്" എന്ന പുസ്തകത്തിൽ മൈക്കൽ എച്ച്. ഹാർട്ട് ഇങ്ങനെ പ്രസ്താവിക്കുന്നു: "ലോകത്തിലെ ഏറ്റവും സ്വാധീനമുള്ള വ്യക്തികളുടെ പട്ടികയിൽ ഞാൻ മുഹമ്മദിനെ തിരഞ്ഞെടുത്തത് ചില വായനക്കാരെ അത്ഭുതപ്പെടുത്തുകയും മറ്റുള്ളവർ ചോദ്യം ചെയ്യുകയും ചെയ്തേക്കാം. എന്നാൽ, മതപരവും മതേതരവുമായ തലങ്ങളിൽ പരമോന്നത വിജയം നേടിയ ചരിത്രത്തിലെ ഒരേയൊരു മനുഷ്യൻ അദ്ദേഹം മാത്രമായിരുന്നു. ഹാർട്ട് ഉപസംഹരിക്കുന്നതിങ്ങനെ: "മതേതരവും മതപരവുമായ സ്വാധീനത്തിന്റെ സമാനതകളില്ലാത്ത സംയോജനമാണ് മുഹമ്മദിനെ മനുഷ്യചരിത്രത്തിലെ ഏറ്റവും സ്വാധീനമുള്ള വ്യക്തിയായി കണക്കാക്കാൻ എന്നെ പ്രേരിപ്പിച്ചത്."




ജോർജ്ജ് ബർണാഡ് ഷാ

സർ ജോർജ്ജ് ബർണാഡ് ഷാ **"യഥാർത്ഥ ഇസ്‌ലാം"** എന്ന പുസ്തകത്തിൽ പ്രവാചകനെക്കുറിച്ച് ഇങ്ങനെ എഴുതുന്നു: അദ്ദേഹത്തെപ്പോലെയുള്ള ഒരാൾ ആധുനിക ലോകത്തിന്റെ നേതൃത്വം ഏറ്റെടുക്കുകയാണെങ്കിൽ, ലോകം ആഗ്രഹിക്കുന്ന സമാധാനവും സന്തോഷവും കൊണ്ടുവരുന്നതിലും ലോക സമസ്യകൾ പരിഹരിക്കുന്നതിലും അദ്ദേഹം വിജയിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഷാ കൂട്ടിച്ചേർക്കുന്നു: ഭൂമിയിൽ ഇതുവരെ കാലുകുത്തിയവരിൽ ഏറ്റവും ശ്രദ്ധേയനായ മനുഷ്യനായിരുന്നു അദ്ദേഹം. അദ്ദേഹം ഒരു മതം പ്രചരിപ്പിച്ചു, ഒരു രാഷ്ട്രം സ്ഥാപിച്ചു, ഒരു സമൂഹത്തെ വാർത്തെടുത്തു, ഒരു ധാർമിക നിയമ സംഹിതക്ക് രൂപം നൽകി, നിരവധി സാമൂഹികവും രാഷ്ട്രീയവുമായ പരിഷ്കാരങ്ങൾക്ക് തുടക്കമിട്ടു, തന്റെ അധ്യാപനങ്ങൾ പ്രാവർത്തികമാക്കാനും അവയെ പ്രതിനിധീകരിക്കാനും ശക്തവും ചലനാത്മകവുമായ ഒരു സമൂഹത്തിന് രൂപം നൽകുകയും മനുഷ്യ ചിന്തയിലും പെരുമാറ്റത്തിലും എല്ലാ കാലങ്ങൾക്കും അനുയോജ്യമാം വിധം വിപ്ലവം സൃഷ്ടിക്കുകയും ചെയ്തു.

മഹാത്മാ ഗാന്ധി വിശദീകരിക്കുന്നത് നോക്കൂ: ജീവിത പദ്ധതി എന്ന നിലയിൽ അക്കാലത്ത് ഇസ്‌ലാമിന് ഇടം നേടിക്കൊടുത്തത് വാളല്ലെന്ന് എനിക്ക് കൂടുതൽ ബോധ്യമായി. പ്രവാചകന്റെ കർക്കശമായ ലാളിത്യം, തികഞ്ഞ ആത്മവിമർശനം, പ്രതിജ്ഞകളോടുള്ള അങ്ങേയറ്റത്തെ ആദരവ്, സുഹൃത്തുക്കളോടും അനുയായികളോടുമുള്ള തീവ്രമായ അടുപ്പം, അചഞ്ചലത, നിർഭയത്വം, ദൈവത്തിലും സ്വന്തം ദൗത്യത്തിലും ഉള്ള തികഞ്ഞ വിശ്വാസം എന്നിവയായിരുന്നു ഇസ്‌ലാമിനെ ജനകീയമാക്കിയത്. (യംഗ് ഇന്ത്യ ന്യൂസ് പേപ്പർ).


ENCYCLOPÆD
2
ZEM
SUP.
ENCYCLOPÆD
I
IMP
SUP.

പ്രശസ്ത യൂറോപ്യൻ കവിയായ വുൾഫ്ഗാങ് ഗൊയ്ഥെ വിശ്വസിച്ചത് ഇങ്ങനെയാണ്: അദ്ദേഹം ഒരു കവിയല്ല, മറിച്ച് ഒരു പ്രവാചകനാണ് എന്നതിനാൽ അദ്ദേഹത്തിന് അവതരിച്ച ഖുർആൻ ദൈവിക നിയമമായിട്ടാണ് കാണേണ്ടത്, വിദ്യാഭ്യാസത്തിനോ വിനോദത്തിനോ വേണ്ടി നിർമിച്ച ഒരു മനുഷ്യ നിർമിത പുസ്തകമായിട്ടല്ല.

എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക (വാല്യം 12) ഉദ്ധരിക്കുന്നത് കാണുക: ആദ്യകാല സ്രോതസ്സുകളിലെ വിശദാംശങ്ങളൊക്കെയും, മുഹമ്മദ് തന്നെ പോലെ സത്യസന്ധരും നേരുള്ളവരുമായ മനുഷ്യരുടെ മുഴുവൻ ബഹുമാനവും വിശ്വാസവും നേടിയെടുത്ത സത്യസന്ധനും നേരുള്ളവനുമായ മനുഷ്യനാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. **മുഴുവൻ പ്രവാചകന്മാരിലും മതകീയ വ്യക്തിത്വങ്ങളിലും ഏറ്റവുമധികം വിജയിച്ച വ്യക്തിയാണ് മുഹമ്മദ്.**

“**വീരന്മാരും വീരാരാധനയും**” എന്ന പുസ്തകത്തിൽ തോമസ് കാർലൈൽ പ്രസ്താവിക്കുന്നു: യുദ്ധം ചെയ്ത് നടന്നിരുന്ന ഗോത്രങ്ങളെയും നാടോടികളായിരുന്ന മരുഭൂവാസികളെയും രണ്ട് പതിറ്റാണ്ടിനുള്ളിൽ ഏറ്റവും ശക്തവും പരിഷ്കൃതവുമായ ഒരു രാഷ്ട്രമാക്കി മാറ്റാൻ ഒരാൾക്ക് ഒറ്റയ്ക്ക് എങ്ങനെ കഴിഞ്ഞു.. ഈ മനുഷ്യനെ (മുഹമ്മദ്) ചുറ്റിപ്പറ്റിയുള്ള പച്ചക്കള്ളങ്ങൾ (പാശ്ചാത്യ അപവാദങ്ങൾ) നമുക്ക് തന്നെയാണ് അപമാനമുണ്ടാക്കുന്നത്.

ജോൺ എസ്പോസിറ്റോ (മത–അന്തർദ്ദേശീയ കാര്യങ്ങൾ പഠിപ്പിക്കുന്ന ഒരു യൂണിവേഴ്സിറ്റി പ്രൊഫസറും USA–യിലെ ജോർജ്ജ്ടൗൺ യൂണിവേഴ്സിറ്റിയിലെ ഹോളിക്രോസ് കോളേജിൽ ഇന്റർനാഷണൽ സ്റ്റഡീസ് സെന്റർ ഡയറക്ടറുമാണ് അദ്ദേഹം) “ഇസ്‌ലാം: നേരായ പാത” എന്ന തന്റെ പുസ്തകത്തിൽ ചൂണ്ടിക്കാട്ടുന്നു:



അസാമാന്യമായ ആത്മവിശ്വാസവും പ്രതിബദ്ധതയും ശ്രദ്ധേയമായ സ്വഭാവവും വ്യക്തിത്വവുമുള്ള മഹത്തുക്കളായ മത വ്യക്തിത്വങ്ങളുടെയും പ്രവാചകന്മാരുടെയും മത സ്ഥാപകരുടെയും കൂട്ടത്തിലാണ് മുഹമ്മദിന്റെ സ്ഥാനം. അനുയായികളെ ആകർഷിക്കുന്നതിലും അറേബ്യയിൽ ആധിപത്യം പുലർത്തിയ ഒരു മത–രാഷ്ട്രം സ്ഥാപിക്കുന്നതിലും അദ്ദേഹം നേടിയ അദ്ഭുതപൂർവമായ വിജയം, കൗശലക്കാരനായ ഒരു സൈനിക തന്ത്രജ്ഞനായിരുന്നു എന്ന് മാത്രമല്ല, അദ്ദേഹം ഒരു അസാധാരണ മനുഷ്യനായിരുന്നു എന്നും കൂടിയാണ് സൂചിപ്പിക്കുന്നത്... നീതി, വിശ്വസ്തത, ഭക്തി, സത്യസന്ധത, അനുകമ്പ എന്നിവ കൊണ്ടെല്ലാം മുഹമ്മദ് അനുയായികളെ സ്വാധീനിച്ചു.

മുഹമ്മദ് ഇസ്‌ലാമിന്റെ സ്ഥാപകനല്ലെന്നും അദ്ദേഹം പുതിയ മതം ആരംഭിച്ചിട്ടില്ലെന്നുമുള്ള വസ്തുത പ്രൊഫസർ എസ്പോസിറ്റോ ഊന്നിപ്പറയുന്നു.

ഇസ്‌ലാം ഒരു പരിഷ്കാരം കൊണ്ടുവന്നു, അല്ലാഹുവിന് മുമ്പിൽ സമ്പൂർണസമർപ്പണത്തിനുള്ള (ഇസ്‌ലാം) പുനരാഹ്വാനവും പ്രവാചകന്മാരുടെ അവസാന കണ്ണിയായ, അല്ലെങ്കിൽ 'മുദ്ര'യായ മുഹമ്മദിന് അന്തിമമായി പൂർണ്ണ രൂപത്തിൽ അവതരിച്ച ദൈവഹിതം നടപ്പാക്കലുമായിരുന്നു അത്. അതിനാൽ, മുഹമ്മദിനെ സംബന്ധിച്ചിടത്തോളം ഇസ്‌ലാം ഒരു പുതിയ വിശ്വാസമല്ല, മറിച്ച് യഥാർത്ഥ വിശ്വാസത്തിന്റെ പുനഃസ്ഥാപനമായിരുന്നു...




പ്രവാചക വചനങ്ങളുടെ സൗന്ദര്യവും മാധുര്യവും ആസ്വദിക്കാൻ ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു:

- **"നല്ല വാക്ക് ദാനമാണ്."**
- **"ആത്മാർത്ഥമായ പുഞ്ചിരി ദാനമാണ്."**
- **"നിങ്ങളിൽ ഏറ്റവും ഉത്തമർ ഉത്തമ സ്വഭാവമുള്ളവരാണ്."**
- **"വഴിയിലെ തടസ്സം നീക്കുന്നത് ദാനമാണ്."**
- **"വിശ്വാസത്തിന്റെ ഏറ്റവും നല്ല [വശം] ക്ഷമയും സഹിഷ്ണുതയുമാണ്."**
- ഇസ്‌ലാമിലെ ഏത് കാര്യമാണ് ഏറ്റവും മികച്ചതെന്ന ചോദ്യത്തിന്, **"ഭക്ഷണം നൽകലും അറിയുന്നവരെയും അറിയാത്തവരെയും അഭിവാദ്യം ചെയ്യലുമാണ്" എന്ന് അദ്ദേഹം മറുപടി നൽകി.**

മാത്രമല്ല, പ്രവാചകൻ മുഹമ്മദ് (അവരുടെ മേൽ ദിവ്യ ശാന്തി സദാ വർഷിക്കട്ടെ) പറഞ്ഞു:

- **"കരുണയുള്ളവൻ [ദൈവം] കരുണയുള്ളവരോട് കരുണ കാണിക്കുന്നു. ഭൂമിയിലുള്ളവരോട് നിങ്ങൾ കരുണ കാണിക്കുവിൻ, ആകാശത്തുള്ളവൻ നിങ്ങളോടും കരുണ കാണിക്കും.**
- **"തനിക്ക് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനും ഇഷ്ടപ്പെടുന്നത് വരെ നിങ്ങളിൽ ഒരാളും യഥാർത്ഥ വിശ്വാസിയാകുകയില്ല."**
- **"അയൽക്കാരൻ പട്ടിണി കിടക്കുമ്പോൾ വയറുനിറയെ ഭക്ഷണം കഴിക്കുന്നവൻ വിശ്വാസിയല്ല."**
- **"മല്ലയുദ്ധത്തിൽ വിജയിക്കുന്നവനല്ല ശക്തൻ, ദേഷ്യം വരുമ്പോൾ സ്വയം നിയന്ത്രിക്കുന്നവനാണ് നിശ്ചയമായും ശക്തൻ."**
- **"അല്ലാഹു നിങ്ങളുടെ ശരീരങ്ങളിലേക്കും രൂപങ്ങളിലേക്കുമല്ല, മറിച്ച് നിങ്ങളുടെ ഹൃദയങ്ങളിലേക്കും പ്രവൃത്തികളിലേക്കുമാണ് നോക്കുന്നത്."**



- “നിങ്ങളിൽ ഏറ്റവും ഉത്തമർ കുടുംബത്തോട് ഉത്തമമായി പെരുമാറുന്നവരാണ്. നിങ്ങളിൽ നിന്ന് ഞാനാണ് കുടുംബത്തോട് ഏറ്റവും ഉത്തമമായി പെരുമാറുന്നവൻ.”
- “നിങ്ങളിൽ ഏറ്റവും ഉത്തമർ സ്ത്രീകളോട് ഉത്തമമായി പെരുമാറുന്നവരാണ്.”
- “സൗമ്യതയോടെയും സഹിഷ്ണുതയോടെയും പെരുമാറുക എന്നതാണ് ഇസ്‌ലാമിൽ ഏറ്റവും ഉത്തമമായ കാര്യം.”
- “മറ്റുള്ളവർക്ക് ഏറ്റവുമധികം പ്രയോജനം ചെയ്യുന്നവരാണ് ഏറ്റവും ഉത്തമരായ മനുഷ്യർ.”

പ്രവാചകന്റെ ബുദ്ധിപരമായ, അത്ഭുതകരമായ, സുവർണ്ണ വചനങ്ങളുടെ ചില ഉദാഹരണങ്ങൾ മാത്രമാണിത്.

പ്രവാചകൻ മുഹമ്മദ് തന്റെ അധ്യാപനങ്ങൾ പ്രാവർത്തികമാക്കി. മറ്റുള്ളവരോടുള്ള പ്രവാചകന്റെ ഇടപെടലുകളിലും പെരുമാറ്റത്തിലും ധാർമികത, കരുണ, നിഷ്കളങ്കത, ആത്മാർത്ഥത, ദയ, സത്യസന്ധത, വിനയം, ഉദാരത, ക്ഷമ, സഹനം, സഹിഷ്ണുത തുടങ്ങി മറ്റു പല സദ്ഗുണങ്ങളും ഒത്തുചേർന്ന അദ്ദേഹത്തിന്റെ സവിശേഷവും അതുല്യവുമായ വ്യക്തിത്വം പ്രതിഫലിച്ചു.

പ്രവാചകന്റെ മഹനീയമായ വ്യക്തിത്വ ഗുണങ്ങളുടെ കഥകളും തെളിവുകളും ഇവിടെ പരാമർശിക്കാനാവാത്തത്രയുമുണ്ട്, അതിനാൽ നമുക്ക് ഒരു ഉദാഹരണം മാത്രം എടുക്കാം.

മക്കയിലെ പ്രവാചകന്റെ ശത്രുക്കൾ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ഇസ്‌ലാമിക സന്ദേശത്തെയും തള്ളിപ്പറഞ്ഞതിന് ശേഷം... അവർ പ്രവാചകനെ പീഡിപ്പിക്കുകയും ഉപദ്രവിക്കുകയും പലതവണ കൊല്ലാൻ ശ്രമിക്കുകയും ചെയ്ത ശേഷം ...



അവർ പ്രവാചകന്റെ ഒരുപാട് അനുയായികളെയും പ്രിയപ്പെട്ടവരെയും ഉപദ്രവിക്കുകയും കൊലപ്പെടുത്തുകയും ചെയ്ത ശേഷം ...

അവർ പ്രവാചകനോടും അനുയായികളോടും യുദ്ധം ചെയ്ത്, അവരെ വീടുകളിൽ നിന്ന് പുറത്താക്കുകയും സ്വത്തുക്കളും ഭൂമിയും പിടിച്ചെടുക്കുകയും ചെയ്ത ശേഷം...

മുഹമ്മദ് മക്കയിൽ പ്രവേശിക്കുകയും വിഗ്രഹാരാധനയിൽ നിന്നും അവിശ്വാസത്തിൽ നിന്നും അതിനെ മോചിപ്പിക്കുകയും ചെയ്തപ്പോൾ ഈ ശത്രുക്കളോട് എങ്ങനെയാണ് പെരുമാറിയത്?

മുഹമ്മദിനും മുസ്‌ലിംകൾക്കും ലഭിച്ച ഈ മഹാ വിജയത്തിന്റെ പശ്ചാത്തലത്തിൽ, വിശുദ്ധ നഗരമായ മക്കയിലേക്ക് മടങ്ങിയെത്തിയതിലുള്ള സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും പാരമ്യത്തിൽ... മുസ്‌ലിംകളെ അധിക്ഷേപിച്ചതിനും കൊലപ്പെടുത്തിയതിനും പ്രതികാരമായി തങ്ങളെ ഉപദ്രവിക്കുമോ അല്ലെങ്കിൽ കൊല്ലുമോ എന്ന ഭയത്തിൽ കഴിഞ്ഞിരുന്ന മക്കക്കാരെ പ്രവാചകൻ ഒരുമിച്ചുകൂട്ടി.

മുഹമ്മദ് അവരോട് ചോദിച്ചു: **“ഞാൻ നിങ്ങളെ എന്ത് ചെയ്യുമെന്നാണ് നിങ്ങൾ കരുതുന്നത്?”** അവർ മറുപടി പറഞ്ഞു, **“നീ ഉദാരമതിയായ സഹോദരനും ഞങ്ങളുടെ മാന്യനായ ഒരു സഹോദരന്റെ മകനുമാണ്.”** അപ്പോൾ ദയാലുവും സഹനശീലനും വിശാലമനസ്കനും കാരുണ്യവാനുമായ പ്രവാചകൻ അവരോട് ക്ഷമിച്ചുകൊണ്ട് പ്രഖ്യാപിച്ചു: **“നിങ്ങളെ ഒരാളും അക്രമിക്കില്ല. നിങ്ങൾക്ക് പോകാം. നിങ്ങൾ സ്വതന്ത്രരാണ്.”** എപ്പോഴെങ്കിലും ഇത്തരമൊരു ദൃശ്യത്തിന് നിങ്ങൾ സാക്ഷിയായിട്ടുണ്ടോ?



ഇങ്ങനെയൊരു കഥ നിങ്ങൾ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? പ്രവാചകന്റെ കാരുണ്യം നിങ്ങൾക്ക് മനസ്സിലാക്കാൻ പറ്റുന്നുണ്ടോ?

മുൻമാതൃകകളില്ലാത്ത ഈ ചരിത്രസംഭവം വിവരിച്ചുകൊണ്ട് പ്രൊഫസർ ജോൺ എസ്പോസിറ്റോ പറയുന്നു:
**പ്രതികാരവും അധിനിവേശവും കവർച്ചയും ഒഴിവാക്കി, മുൻ ശത്രുക്കൾക്ക് നേരെ വാളോങ്ങുന്നതിനു പകരം പൊതുമാപ്പ് നൽകി, പ്രവാചകൻ ഒരു ഒത്തുതീർപ്പ് രീതിയാണ് സ്വീകരിച്ചത്. ഇതെല്ലാം കണ്ട മക്കക്കാർ ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യുകയും മുഹമ്മദിന്റെ നേതൃത്വം അംഗീകരിക്കുകയും മുസ്‌ലിം സമൂഹത്തിന്റെ ഭാഗമാകുകയും ചെയ്തു.**

നേരെമറിച്ച്, മനുഷ്യചരിത്രത്തിലുടനീളം വിവിധ 'സൂപ്പർ പവർ' രാഷ്ട്രങ്ങൾ അന്യായമായി മറ്റുള്ളവരെ ആക്രമിക്കുകയും പീഡിപ്പിക്കുകയും ചെയ്ത്, കാണിച്ച് കൂട്ടിയ ക്രൂരതകൾ നിങ്ങൾക്ക് അറിയാമല്ലോ.

മുഹമ്മദിന്റെ ജീവിതം നമ്മൾ കൂടുതൽ പഠിക്കും തോറും അദ്ദേഹത്തിന്റെ മികച്ച പെരുമാറ്റവും സ്വഭാവവും നമുക്ക് കൂടുതൽ തിരിച്ചറിയാൻ കഴിയുന്നു എന്നത് എടുത്ത് പറയേണ്ടതാണ്. പ്രവാചകൻ തീർച്ചയായും **{ലോകത്തുള്ളവർക്ക് (മുഴുവൻ) കാരുണ്യമായിട്ടാണ് അയക്കപ്പെട്ടത്}.** (ഖുർആൻ 21:107)

പ്രവാചകൻ മുഹമ്മദ് പറഞ്ഞു: "ഞാൻ അയക്കപ്പെട്ടിരിക്കുന്നത് ശ്രേഷ്ഠമായ സ്വഭാവഗുണങ്ങൾ പൂർത്തീകരിക്കാനാണ്." ഈ യാഥാർത്ഥ്യം സ്ഥിരീകരിച്ചുകൊണ്ട്, വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു. **{നിശ്ചയമായും, നീ മഹത്തായ ഒരു സ്വഭാവഗുണത്തോട് കൂടിയാണ് (ഉള്ളത്)}** (68:4).

# ഇനിയുമറിയാൻ ആകാംക്ഷയുണ്ടോ?

ഇസ്‌ലാമിനെക്കുറിച്ച് കൂടുതൽ വിവരങ്ങളും വിശദാംശങ്ങളും അറിയാൻ നിങ്ങൾക്ക് ആകാംക്ഷയും താൽപര്യവുമുണ്ടെങ്കിൽ, ദയവായി ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക:

**www.discoveritsbeauty.com**

## "അതിന്റെ സൗന്ദര്യം കണ്ടെത്തൂ" സീരീസ്:

1. ഇതൊരു തുടക്കം മാത്രം
2. ആദമിന്റെയും ഹവ്വയുടെയും മതം
3. ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങൾ
4. മനുഷ്യരാശിയെ കുഴക്കിയ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ
5. അല്ലാഹുവിന്റെ മനോഹര നാമങ്ങൾ
6. അന്തിമ വെളിപാട്
7. അന്ത്യ ദൂതൻ

## ഉപകാരപ്രദമായ ഇസ്‌ലാമിക വെബ്സൈറ്റുകൾ:

**http://www.allahsquran.com**

**http://www.quranexplorer.com**

**http://www.islamhouse.com**

**http://www.edialogue.org**

**http://www.islamreligion.com**

**http://www.newmuslimguide.com**

**http://www.guidetoislam.com/en/**

# സത്യസാക്ഷ്യവചനം
## (ഇസ്‌ലാമിലേക്കുള്ള കവാടം)

“അല്ലാഹു അല്ലാതെ ഒരു ദൈവവുമില്ലെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു, മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.” അറബിയിൽ അത് ഇങ്ങനെ വായിക്കാം:


أشهد أن لا إله إلا الله وأشهد أن محمدا رسول الله

അതിന്റെ ഉച്ചാരണം ഇങ്ങനെയാണ്:

**അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ്**
**വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്.**

ഇസ്‌ലാം സ്വീകരിക്കാൻ ഒരാൾ ഉച്ചരിക്കേണ്ട വിശ്വാസ സാക്ഷ്യമാണിത്; ഇസ്‌ലാമിക സൗന്ദര്യത്തിന്റെയും ലാളിത്യത്തിന്റെയും സത്യത്തിന്റെയും സംഗ്രഹമാണിത്.






GLOBAL ACADEMY FOR TRANSLATION AND EDUCATION (GATE)
LONDON | THE UNITED KINGDOM
വിവർത്തനം: AL-ANDALUS GROUP LTD
WWW.ALANDALUSGROUP.ORG

كتاب الرسول الخاتم باللغة المالايالامية